# കേരള നവോത്ഥാനം

- പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യം മുതൽ 20-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധം വരെയുള്ള കാലഘട്ടം സാക്ഷ്യം വഹിച്ചത് കേരളത്തിന്റെ സംസ്കാരികവും സാമൂഹികവുമായ നവോത്ഥാനത്തിനാണ്.
- വൈകുണ്ഠ സ്വാമികൾ, ശ്രീനാരായണ ഗുരു, ചട്ടമ്പി സ്വാമികൾ തുടങ്ങിയ നവോത്ഥാന നായകർ സമൂഹ ത്തിൽ നില നിന്നിരുന്ന ജാതീയ അസമത്വങ്ങൾക്കെതിരെ പ്രവർത്തിക്കുകയും ജനങ്ങളെ ബോധവാൻമാരാ ക്കുകയും ചെയ്തു. അയിത്തം, തീണ്ടിക്കൂടായ്മ തുടങ്ങിയ അനാചാരങ്ങൾക്കെതിരെ പോരാടാൻ അവർ ജനങ്ങളോട് അഭ്യർത്ഥന നടത്തുകയും ചെയ്തു.

## വൈകുണ്ഠ സ്വാമികൾ (1809 – 1851)

- കേരളത്തിലെ ആദ്യ സാമൂഹ്യപരിഷ്കർത്താവാണ് വൈകുണ്ഠസ്വാമി. അദ്ദേഹം ഹിന്ദു സമൂഹത്തിൽ നിലനിന്നി രുന്ന അസമത്വങ്ങളെ ചോദ്യം ചെയ്യുകയും, നമ്പൂതിരി മേധാവിത്വത്തിനെതിരെ ശബ്ദമുയർത്തുകയും ചെയ്തു. അദ്ദേഹം ഈശ്വരാരാധനയുടെ പേരിൽ നടക്കുന്ന മൃഗബലി പോലുള്ള ദുരാചാരങ്ങളെ ഉപേക്ഷിക്കാൻ ജന ങ്ങളോട് ആഹ്വാനം ചെയ്തു. സ്വാമികൾ വിഗ്രഹാരാധനയ്ക്ക് എതിരായിരുന്നു.

| | | |
|---|---|---|
| ജനിച്ചത് | – | 1809 March 12 |
| ജന്മസ്ഥലം | – | സ്വാമിത്തോപ്പ് (നാഗർകോവിൽ) |
| പിതാവ് | – | പൊന്നുമാടൻ |
| മാതാവ് | – | വെയിലാൾ |
| ആദ്യകാലനാമം | – | മുടിചൂടും പെരുമാൾ (പിന്നീട് മുത്തുകുട്ടി) |
| അന്തരിച്ചത് | – | 1851 June 3rd |

- വൈകുണ്ഠ സ്വാമികളുടെ കുട്ടികാലത്തെ പേര് മുടിചൂടും പെരുമാൾ എന്നായിരുന്നെങ്കിലും പിന്നീട് സവർണ്ണ രുടെ എതിർപ്പിനെ തുടർന്ന് അത് **മുത്തുക്കുട്ടി** എന്നാക്കി.
- സ്വാമികൾ ധ്യാനം ആരംഭിച്ച സ്ഥലം – **പൂവൻതോപ്പ് (1833ൽ)**
- അദ്ദേഹം അവർണ്ണജനതയെ സ്വാഗതം ചെയ്യുകയും തെക്കെ ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ നിന്ന് ആയിര ക്കണക്കിനാളുകൾ അദ്ദേഹത്തെ സന്ദർശിക്കാനെത്തുകയും ചെയ്തു. അദ്ദേഹത്തെ വിഷ്ണുവിന്റെ അവതാ രമായിട്ടാണ് ആളുകൾ കണ്ടത്.
- വൈകുണ്ഠ സ്വാമികൾ സമത്വസമാജം സ്ഥാപിച്ചത് – **1836**
- (അവർണ്ണരുടെ ദു:ഖങ്ങൾക്ക് പരിഹാരം കാണാനും രാജ്യഭരണത്തിലെ പോരായ്മകൾക്കെതിരെ പ്രവർത്തി ക്കാനും വേണ്ടിയാണ് സമത്വസമാജം സ്ഥാപിച്ചത്.)
- 1837ൽ സ്വാതി തിരുനാൾ മഹാരാജാവ് സ്വാമികളെ ശിങ്കാരതോപ്പിലെ (തിരുവനന്തപുരം) തുറുങ്കിലടച്ചു.
- അന്ന് അവിടത്തെ ജയിലറായിരുന്ന തൈക്കാട് അയ്യാ വൈകുണ്ഠസ്വാമികളെ തന്റെ ഗുരുവായി സ്വീകരിച്ചു.
- പാവപ്പെട്ട അവർണ ജനതയുടെ ആവശ്യങ്ങൾ കാണാതിരുന്ന സ്വാതിതിരുനാളിന്റെ ഭരണത്തെ സ്വാമികൾ കഠിനമായി വിമർശിച്ചു.
- **അനന്തപുരി നീചൻ** എന്നാണ് അദ്ദേഹം സ്വാതി തിരുനാളിനെ വിശേഷിപ്പിച്ചത്. **നീച ഭരണം** എന്നാണ് തിരുവതാംകൂർ ഭരണത്തെ വിശേഷിപ്പിച്ചത്.
- ബ്രാഹ്മണരെ **കരിനീചൻ** എന്നും ബ്രിട്ടീഷുകാരെ **വെൺ നീചൻ** എന്നും വിശേഷിപ്പിച്ചത് – **വൈകുണ്ഠസ്വാമി**
- വൈകുണ്ഠസ്വാമികൾ സ്ഥാപിച്ച ക്ഷേത്രങ്ങൾ അറിയപ്പെട്ടത് – **നിഴൽ താങ്കൽ**
- പാവപ്പെട്ട ആളുകൾക്ക് ചിട്ടയായ ജീവിതം നയിക്കുന്നതിന് പരിശീലനം നൽകാനായി **തുവയൽ പന്തിക്കൂ ട്ടായ്മ** സ്ഥാപിച്ചത് – **വൈകുണ്ഠസ്വാമികൾ**
- **പന്തിഭോജനം** സംഘടിപ്പിച്ച് അയിത്ത വ്യവസ്ഥയെ വെല്ലുവിളിച്ച ആദ്യത്തെ സാമൂഹ്യ പരിഷ്ക്കർത്താവ് – **വൈകുണ്ഠ സ്വാമികൾ**

| | | |
|---|---|---|
| ജാതി ഒന്ന്, മതം ഒന്ന്, കുലം ഒന്ന്, ദൈവം ഒന്ന്, ലോകം ഒന്ന് | – | വൈകുണ്ഠ സ്വാമികൾ |
| വേല ചെയ്യാൻ കൂലി കിട്ടണം | – | വൈകുണ്ഠ സ്വാമികൾ |

Career Focus

- ദക്ഷിണേന്ത്യയിൽ ആദ്യമായി **കണ്ണാടി പ്രതിഷ്ഠ** നടത്തിയത് – **വൈകുണ്ഠ സ്വാമികൾ**
- വൃദ്ധർക്ക് വിദ്യാഭ്യാസം നൽകാനായി **നിശാപാഠശാലകൾ** ആരംഭിച്ചതും വൈകുണ്ഠ സ്വാമികൾ ആണ്.
- വൈകുണ്ഠ സ്വാമികളുടെ പ്രേരണയാൽ ആണ് ആദ്യത്തെ **മാറു മറയ്ക്കൽ** സമരം നടത്തിയത്
- വൈകുണ്ഠ സ്വാമികളെ അനുയായികൾ **അയ്യാ** (പിതാവ്) എന്നാണു വിളിച്ചത്.
- വൈകുണ്ഠ സ്വാമികൾ സ്ഥാപിച്ച മതം – **അയ്യാ വഴി**
- അയ്യാവഴിയുടെ ചിഹ്നം – **താമരയും അഗ്നിനാളവും**
- അദ്ദേഹത്തിന്റെ അനുയായികൾ അറിയപ്പെട്ടത് – **അയ്യാവഴിമക്കൾ**
- വൈകുണ്ഠ സ്വാമികളുടെ പേരിലുള്ള സംഘടന – YSDP വൈകുണ്ഠസ്വാമി ധർമപ്രചാരണസഭ
- വൈകുണ്ഠ സ്വാമികൾ ശിങ്കാരത്തോപ്പിൽ കുഴിപ്പിച്ച പൊതുകിണറുകൾ – **മുന്തിരിക്കിണറുകൾ, സ്വാമിക്കിണറുകൾ**
- വൈകുണ്ഠസ്വാമികളുടെ പ്രശസ്തനായ ശിഷ്യൻ – **തൈക്കാട് അയ്യ**
- സ്വാമിയുടെ പ്രശസ്ത കൃതികൾ – **അകിലത്തിരുട്ട്. അരുൾനൂൽ**

### ശ്രീനാരായണ ഗുരു (1856 – 1928)

- കേരള നവോത്ഥാനത്തിന്റെ പിതാവ് ആയ ശ്രീ നാരായണ ഗുരു ബ്രാഹ്മണ മേധാവിത്വത്തിനെതിരെ നിരന്തരം പോരാടുകയും ജാതി വ്യവസ്ഥക്കെതിരെ പ്രവർത്തിക്കാൻ ജനങ്ങളെ ഉദ്ബുദ്ധരാക്കുകയും ചെയ്തു. സാമൂഹിക സമത്വത്തിനു വേണ്ടി നിലകൊണ്ട ഗുരു കീഴേക്കിടയിലുള്ളവരുടെ ഉന്നമനത്തിനു വേണ്ടി ജീവിതം മുഴുവൻ അക്ഷീണം പ്രയത്നിക്കുകയും ചെയ്തു.

| | | |
|---|---|---|
| ജനിച്ചത് | – | **1856 ആഗസ്റ്റ് 20** |
| മാതാപിതാക്കൾ | – | **കുട്ടിയമ്മ, മാടനാശാൻ** |
| ഭവനം | – | **വയൽവാരം വീട്** |
| ആദ്യനാമം | – | **നാണു** |
| സമാധിയായത് | – | **1928 സെപ്റ്റംബർ 20 ന് (ശിവഗിരിയിൽ വച്ച്)** |
| ആദ്യഗുരു | – | **പേട്ടയിൽ രാമൻ പിള്ള** |

Career Focus

- 30-ാം വയസ്സിൽ നാടു വിട്ട നാണുവാശാൻ ധ്യാനമിരുന്ന സ്ഥലം ശുചീന്ദ്രത്തിനടുത്ത് മരുത്വാമലയിലുള്ള **പിള്ളത്തടം ഗുഹയിൽ**
- ശ്രീനാരായണ ഗുരു അരുവിപ്പുറത്ത് ശിവക്ഷേത്രം പണികഴിപ്പിച്ചത് – **1887**
- വിഗ്രഹപ്രതിഷ്ഠ നടത്താനുള്ള അവകാശം ബ്രാഹ്മണർക്കു മാത്രമായിരുന്നു.
- ഇതിനെ എതിർത്തുകൊണ്ട് ഗുരു ശിവ പ്രതിഷ്ഠ നടത്തിയത് – **നെയ്യാറിനടുത്തുള്ള അരുവിപ്പുറത്ത്** (1888-ൽ)
- അരുവിപ്പുറം പ്രതിഷ്ഠയോടനുബന്ധിച്ച് ഗുരു രചിച്ച കൃതി – **ശിവശതകം**
- ഇതിനെ ചോദ്യം ചെയ്ത ബ്രാഹ്മണരോട് താൻ പ്രതിഷ്ഠിച്ചത് ഈഴവ ശിവനെ ആണെന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്.
- അതിനു ശേഷം കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഗുരു 60 ഓളം പ്രതിഷ്ഠ നടത്തി.
- അരുവിപുറം വിപ്ലവം എന്നറിയപ്പെടുന്നത് – **അരുവിപ്പുറം പ്രതിഷ്ഠ**
- 1898 ൽ ശ്രീനാരായണ ഗുരുവും ഡോ. പല്പുവും കവി കുമാരനാശാനും ഈഴവ സമുദായത്തിലെ പ്രമുഖരെ പങ്കെടുപ്പിച്ചുകൊണ്ടു നടത്തിയ അരുവിപ്പുറം ക്ഷേത്രയോഗത്തിൽ ഗുരുവിന്റെ ആശയങ്ങൾ പ്രചരിപ്പിക്കാനായി ഒരു സംഘടന ഉണ്ടാക്കാനുള്ള തീരുമാനമുണ്ടായി.

ശ്രീനാരായണ ധർമ്മപരിപാലന യോഗം (S.N.D.P) സ്ഥാപിച്ചത് – **1903 മെയ് 15**

- S.N.D.P ആജീവനാന്ത പ്രസിഡന്റ് – **ശ്രീനാരായണ ഗുരു**
- ആദ്യ വൈസ് പ്രസിഡന്റ് – **ഡോ. പല്പു**
- ആദ്യ സെക്രട്ടറി – **കുമാരനാശാൻ**
- S.N.D.Pയുടെ ആദ്യ മുഖപത്രം – **വിവേകോദയം (1904)**
- S.N.D.P യുടെ മുൻഗാമി എന്നറിയപ്പെടുന്ന യോഗം – **വാവൂട്ടുയോഗം**

- S.N.D.P ആസ്ഥാനം - **കൊല്ലം**
- S.N.D.P യുടെ സ്ഥാപനത്തിനു കാരണമായ യോഗം - **അരുവിപ്പുറം ക്ഷേത്രയോഗം**
- ശിവഗിരിയിൽ ഗുരു ശാരദാപ്രതിഷ്ഠ നടത്തിയ വർഷം - **1912**
- **ആലുവ** ആസ്ഥാനമാക്കി ശ്രീനാരായണഗുരു അദ്വൈതാശ്രമം സ്ഥാപിച്ചത് - **1913**
- **1916** ൽ ഗുരു നാരായണ സേവാ ആശ്രമം സ്ഥാപിച്ചത് - **കാഞ്ചീപുരത്ത്**
- ഗുരുവിന്റെ ആദ്യ കൃതി - **ഗജേന്ദ്രമോക്ഷം വഞ്ചിപ്പാട്ട്**

| Don't be confused | | |
|---|---|---|
| 1887 | - | ശ്രീനാരായണഗുരു അരുവിപ്പുറം ക്ഷേത്രം സ്ഥാപിച്ച വർഷം |
| 1888 | - | അരുവിപ്പുറം പ്രതിഷ്ഠ നടത്തിയ വർഷം |
| 1898 | - | അരുവിപ്പുറം ക്ഷേത്രയോഗം ആരംഭിച്ച വർഷം |

- ഗുരു നടത്തിയ ആദ്യ കണ്ണാടി പ്രതിഷ്ഠ - **കളവൻ കോട്**
- ഗുരു നടത്തിയ മറ്റു കണ്ണാടി പ്രതിഷ്ഠകൾ - **ഉല്ലല, കാരമുക്ക്, മുരിക്കുംപുഴ, വെച്ചൂർ**
- വർക്കലയിൽ ഗുരു സ്ഥാപിച്ച ക്ഷേത്രം - **ശാരദാക്ഷേത്രം**
- **വൈക്കം സത്യാഗ്രഹത്തിനോട്** (1924) ശ്രീനാരായണ ഗുരു അനുഭാവം പ്രകടിപ്പിച്ചിരുന്നു
- 1924 ൽ ഗുരുവിന്റെ നേതൃത്വത്തിൽ **സർവ്വ മത സമ്മേളനം** നടത്തിയത് - **ആലുവ**
- സർവ്വമത സമ്മേളനത്തിന്റെ അധ്യക്ഷൻ - **ശിവദാസ അയ്യർ**
- സമ്മേളനത്തിന്റെ സന്ദേശം - **വാദത്തിനല്ല, അറിയാനും മറ്റുള്ളവരെ അറിയിക്കാനും**
- മറ്റൊരു രാജ്യത്തിന്റെ (ശ്രീലങ്കയുടെ) തപാൽ സ്റ്റാമ്പിൽ പ്രത്യക്ഷപ്പെട്ട ആദ്യ മലയാളി - **ശ്രീനാരായണ ഗുരു**
- താലികെട്ട് കല്യാണം ബഹിഷ്കരിക്കാൻ ഗുരു ആഹ്വാനം ചെയ്തത് - **ആലുവ സമ്മേളനത്തിൽവച്ച്**
- ഗുരു സന്ദർശിച്ച ഏക വിദേശ രാജ്യം - **ശ്രീലങ്ക** (1918, 1926)
- കോടതിയിൽ നേരിട്ട് ഹാജരാകുന്നതിൽ നിന്നും തിരുവതാംകൂർ രാജാക്കന്മാർ ഒഴിവാക്കിയിരുന്ന ഏക വ്യക്തി - **ശ്രീനാരായണ ഗുരു**
- തപാൽ സ്റ്റാമ്പിൽ പ്രത്യക്ഷപ്പെട്ട ആദ്യ മലയാളി - **ഗുരു (1967)**
- നാണയത്തിൽ പ്രത്യക്ഷപ്പെട്ട ആദ്യ മലയാളി - **ശ്രീനാരായണഗുരു**
- ജന്മദിനവും സമാധിദിനവും പൊതു അവധിയായി കേരള സർക്കാർ പ്രഖ്യാപിച്ച ഏക സാമൂഹ്യ പരിഷ്കർത്താവ് - **ശ്രീനാരായണ ഗുരു**
- ശ്രീനാരായണഗുരു **തിരുക്കുറൾ** മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി.
- ഓരോ ക്ഷേത്രത്തിനോട് ചേർന്നും ഒരു വിദ്യാലയം വേണമെന്ന്
- ഉദ്ഘോഷിച്ചത് - **ശ്രീനാരായണഗുരു**
- ഗജേന്ദ്രമോക്ഷം വഞ്ചിപ്പാട്ട് എന്ന തന്റെ കൃതി സമർപ്പിച്ചിരിക്കുന്നത് - **ചട്ടമ്പിസ്വാമികൾക്ക്**

### ഗുരുവിനെ സന്ദർശിച്ചവർ

- 1882 - ചട്ടമ്പി സ്വാമികളും ഗുരുവും കണ്ടുമുട്ടി
- 1891 - കുമാരനാശാൻ ഗുരുവിനെ സന്ദർശിച്ചു
- 1895 - ഡോ. പല്പു ഗുരുവിനെ ബാംഗ്ലൂരിൽ വച്ച് കണ്ടുമുട്ടി
- 1912 - അയ്യങ്കാളി ബാലരാമപുരത്ത് വച്ച് ഗുരുവിനെ സന്ദർശിച്ചു
- 1914 - വാഗ്ഭടാനന്ദൻ ഗുരുവിനെ സന്ദർശിച്ചു.
- 1922 - ശിവഗിരിയിൽ ടാഗോർ ഗുരുവിനെ സന്ദർശിച്ചു
- 1925 - ശിവഗിരിയിൽ ഗാന്ധിജി ഗുരുവിനെ സന്ദർശിച്ചു.

- 1928 സപ്തംബർ 20 ൽ ശിവഗിരിയിൽ വച്ച് ഗുരു സമാധിയടഞ്ഞു
- ഗുരുവിന്റെ ശിഷ്യനായ ആദ്യ യൂറോപ്യൻ - **ഏണസ്റ്റ് കിർക്**
- ഗുരുവിനെ കവി ജി. ശങ്കരക്കുറുപ്പ് വിശേഷിപ്പിച്ചത് - **രണ്ടാം ബുദ്ധൻ**

Career Focus

| **ഗുരുവിന്റെ കൃതികൾ** | |
|---|---|
| ഗജേന്ദ്ര മോക്ഷം വഞ്ചിപ്പാട്ട് | ജനനിനവ രത്ന മഞ്ജരി |
| ആത്മോപദേശ ശതകം | അദ്വൈത ദീപിക |
| ജ്ഞാന ദർശനം | നിർവൃതി പഞ്ചകം |
| ദർശന മാല | അറിവ് |
| ജാതി മീമാംസ | കാളീ നാടകം |
| ജാതി ലക്ഷണം | ചിജ്ജഡ ചിന്തനം |
| കുണ്ഡലിനിപ്പാട്ട് | അനുകമ്പാദശകം |
| നിർവൃതി പഞ്ചകം | ഭദ്രകാളിയഷ്ടത്രം |
| അർദ്ധനാരീശ്വര സ്ത്രോത്രം | ദൈവ ദശകം |
| ബ്രഹ്മ വിദ്യാപഞ്ചകം | ദൈവ ചിന്തനം |

- ടാഗോർ ഗുരുവിനെ സന്ദർശിച്ചപ്പോൾ ടാഗോറിനെ അനുഗമിച്ച സി. എഫ്. ആൻഡ്രൂസ് അഭിപ്രായപ്പെട്ടത് - **ഞാൻ ഇന്ന് ഒരു മനുഷ്യനിൽ ഈശ്വരനെ കണ്ടു**
- 'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും' എന്നു തുടങ്ങുന്ന വചനം ശ്രീനാരായണ ഗുരു ഏത് ക്ഷേത്രത്തിന്റെ ചുവരിലാണ് സ്വന്തം കൈയ്യക്ഷരത്തിലെഴുതിയത് - **അരുവിപ്പുറം**
- 'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന' മാതൃകാസ്ഥാനമാണിത് എന്ന വാക്യമുള്ള ഗുരുവിന്റെ കൃതി - **ജാതി നിർണ്ണയം**
- ശ്രീനാരായണ ഗുരുവിന്റെ ഏത് കൃതിയുടെ നൂറാം വാർഷികമാണ് ഈയിടെ ആഘോഷിച്ചത് - **ദൈവദശകം**
- 'അവനവനാത്മ സുഖത്തിനാചരിക്കുന്നവ അപരന് സുഖത്തിനായ് വരേണം' എന്ന വരികളുള്ള ഗുരുവിന്റെ കൃതി - **ആത്മോപദേശ ശതകം**
- ഉപനിഷത്തുകളുടെ സാരം സംഗ്രഹിച്ച് ഗുരു രചിച്ച കൃതി - **ദർശനമാല**

Career Focus

### ഗുരുവചനങ്ങൾ

- വിദ്യകൊണ്ട് പ്രബുദ്ധരാകുക സംഘടന കൊണ്ട് ശക്തരാവുക
- ഒരു മതം ഒരു ജാതി ഒരു ദൈവം മനുഷ്യന്
- മതമേതായാലും മനുഷ്യൻ നന്നായാൽ മതി
- ജാതി ചോദിക്കരുത് പറയരുത് ചിന്തിക്കരുത്
- മദ്യം വിഷമാണ് അതുണ്ടാക്കരുത് വില്ക്കരുത് കുടിക്കരുത്.

### ഗുരുവിന്റെ ജീവിതം ആസ്പദമാക്കിയ സൃഷ്ടികൾ

- ബ്രഹ്മർഷി ശ്രീനാരായണഗുരു - ഡോ. ടി. ഭാസ്കരൻ
- ഗുരു (നോവൽ ) - കെ. സുരേന്ദ്രൻ
- നാരായണം - പെരുമ്പടവം ശ്രീധരൻ
- ശ്രീനാരായണ വള്ളംകളി നടക്കുന്നത് - കരുനാഗപ്പള്ളി (കണ്ണേറ്റിക്കായൽ)
- ശ്രീനാരായണ ജയന്തി വള്ളം കളി - കുമരകം (കോട്ടയം)

- ശ്രീനാരായണ ഗുരുവിനെ കേന്ദ്രകഥാപാത്രമാക്കി യുഗപുരുഷൻ എന്ന സിനിമ സംവിധാനം ചെയ്തത് - ആർ. സുകുമാരൻ

### തൈക്കാട് അയ്യ (1814-1909)

- യഥാർത്ഥ പേര് - സുബ്ബരായൻ
- ജന്മസ്ഥലം - നകലപുരം (1814)
- സമാധിയായത് - 1909 ജൂലൈ 20

- തൈക്കാട് അയ്യാമിഷൻ രൂപം കൊണ്ടത് - 1984
- 'ഗുരുവിന്റെ ഗുരു' എന്ന് വിശേഷിപ്പിക്കപ്പെടുന്ന നവോത്ഥാന നായകൻ - **തൈക്കാട് അയ്യ**
- ഹഠയോഗോപദേഷ്ട എന്നറിയപ്പെട്ടിരുന്നത് - **തൈക്കാട് അയ്യ**
- തൈക്കാട് അയ്യാ ഗുരുക്കൾ അറിയപ്പെട്ടിരുന്ന മറ്റൊരു പേര് - **സൂപ്രണ്ട് അയ്യ**

- ചട്ടമ്പി സ്വാമിയെ ഷൺമുഖദാസൻ എന്നു വിളിച്ചത് - **തൈക്കാട് അയ്യ**
- **ശിവരാജ യോഗി** എന്ന് അറിയപ്പെട്ടിരുന്നത് - **തൈക്കാട് അയ്യ**
- പ്രധാന ശിഷ്യന്മാർ - **ശ്രീനാരായണ ഗുരു, ചട്ടമ്പിസ്വാമികൾ, അയ്യങ്കാളി**
- തൈക്കാട് അയ്യ സ്ഥാപിച്ച ആത്മീയകേന്ദ്രം - **ശൈവപ്രകാശസഭ (മനോൻമണിയം സുന്ദരൻപിള്ളയുടെ സഹായത്തോടെ)**

### പ്രധാന കൃതികൾ

- രാമായണ പാട്ട്, രാമായണം
- ബാലകാണ്ഡം, പഴനി ദൈവം
- ബ്രഹ്മമോക്ഷകാണ്ഡം

## കുര്യാക്കോസ് ഏലിയാസ് ചാവറ (1805-1871)

- ജനനം - 1805 ഫെബ്രുവരി 10
- ജന്മസ്ഥലം - കൈനകരി (ആലപ്പുഴ)
- 1824 ൽ ഫാദർ കുര്യാക്കോസിന്റെ നേതൃത്വത്തിൽ സ്ഥാപിച്ച സഭ
- കാർമലൈറ്റ്സ് ഓഫ് മേരി ഇമ്മാകുലേറ്റ് (CMI)
- വിദേശിയരുടെ സഹായമില്ലാതെ ചാവറയച്ചൻ മാന്നാനത്ത് സ്ഥാപിച്ച
- പ്രസ്സ് - **സെന്റ് ജോസഫ് പ്രസ്സ്**
- സെന്റ് ജോസഫ് പ്രസ്സിൽ അച്ചടിച്ച ആദ്യ പത്രം - **നസ്രാണി ദീപിക**
- നിധീരിക്കൽ മാണിക്കത്തനാർ ആണ് നസ്രാണി ദീപിക ആരംഭിച്ചത്
- കേരളത്തിൽ ഓരോ പള്ളിക്കുമൊപ്പം ഒരു വിദ്യാലയം എന്ന ലക്ഷ്യത്തോടെ തുടങ്ങിയ വിദ്യാലയങ്ങൾ **പള്ളിക്കൂടം** എന്ന് അറിയപ്പെട്ടു.
- സ്ത്രീ സന്യാസികൾക്കു വേണ്ടി Sisters of Congregation of the mother of Carmel എന്ന സഭ സ്ഥാപിച്ചു
- 1986 ഫെബ്രുവരി 8ന് ഫാദർ ഏലിയാസ് ചാവറ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കപ്പെട്ടു
- 2014 നവംബർ 23 ന് ഫാദർ ഏലിയാസ് ചാവറയും ഏവുപ്രാസ്യമ്മയോടൊപ്പം വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെട്ടു.
- 1987 ൽ ചാവറയച്ചൻ ഇന്ത്യൻ തപാൽ സ്റ്റാമ്പിൽ പ്രത്യക്ഷപ്പെട്ടു.
- **കേരള സാക്ഷരതയുടെ പിതാവ്** എന്ന് അറിയപ്പെടുന്നത് - **ചാവറയച്ചൻ**
- 1846 ൽ ചാവറ അച്ഛൻ ആദ്യത്തെ കത്തോലിക്ക സംസ്കൃത സ്കൂൾ ആരംഭിച്ചു
- ചാവറയച്ചന്റെ പ്രധാന കൃതികൾ - **ആത്മാനുതാപം**, കനോന നമസ്കാരം, അനസ്താസ്യയുടെ രക്ത സാക്ഷിത്വം

## ചട്ടമ്പി സ്വാമികൾ (1853-1924)

- ഹിന്ദു മതത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഉറച്ചു നിന്നു കൊണ്ടു കേരളത്തിന്റെ നവോത്ഥാനത്തിന് വഴിതെളിച്ച സാമൂഹിക പരിഷ്കർത്താവായിരുന്നു ചട്ടമ്പി സ്വാമികൾ
- ജനിച്ചത് - 1853 ആഗസ്റ്റ് 25
- ജന്മസ്ഥലം - കൊല്ലൂരിലെ കണ്ണമ്മൂല
- യഥാർത്ഥ പേര് - കുഞ്ഞൻപിള്ള
- ബാല്യകാലനാമം - അയ്യപ്പൻ
- പിതാവ് - വാസുദേവൻ
- മാതാവ് - നംഗമ്മ
- ആദ്യഗുരു - പേട്ടയിൽ രാമൻ പിള്ള ആശാൻ
- സമാധിയടഞ്ഞത് - പന്മന 1924 മെയ് 5
- ചട്ടമ്പിസമാധി സ്ഥിതി ചെയ്യുന്ന സ്ഥലം - പന്മന

Career Focus

- പേട്ടയിൽ രാമൻ പിള്ള ആശാന്റെ പാഠശാലയിൽ പഠിക്കുമ്പോൾ ചട്ടമ്പി (Monitor) ആക്കിയതിനു ശേഷ മാണ് ചട്ടമ്പി എന്ന സ്ഥാനപേര് അദ്ദേഹത്തിന് ലഭിച്ചത്.
- ചട്ടമ്പിസ്വാമികൾക്ക് ജ്ഞാനോദയം ലഭിച്ച സ്ഥലം - **വടിവീശ്വരം**
- **കാഷായമില്ലാത്ത** (കാവിയുടുക്കാത്ത) സന്യാസി എന്നറിയപ്പെടുന്നത് - **ചട്ടമ്പി സ്വാമികൾ**
- ചട്ടമ്പിസ്വാമികൾ ശ്രീനാരായണ ഗുരുവിനെ കണ്ടത് - **1882 ൽ**
- ചട്ടമ്പിസ്വാമി വിവേകാന്ദനുമായി കണ്ടുമുട്ടിയത് - **1892 ൽ (എറണാകുളത്തു വച്ച്)**
- ചട്ടമ്പി സ്വാമികളെ സന്ദർശിച്ച് വിവേകാനന്ദൻ അഭിപ്രായപ്പെട്ടത് - **'കേരളത്തിൽ ഞാനൊരു യഥാർത്ഥ മനുഷ്യനെ കണ്ടു'**
- 'അദ്ദേഹം പക്ഷിരാജനായ ഗരുഡൻ ഞാനോ വെറുമൊരു കൊതുക്' എന്ന് ആരെപ്പറ്റിയാണ് ചട്ടമ്പിസ്വാമികൾ പറഞ്ഞത് - **സ്വാമി വിവേകാനന്ദൻ**
- ചട്ടമ്പിസ്വാമികളുടെ ഗുരു എന്നറിയപ്പെടുന്നത് - **തൈക്കാട് അയ്യാ സ്വാമികൾ**
- **തൈക്കാട് അയ്യ** ആണ് ചട്ടമ്പി സ്വാമികൾക്ക് **ഷൺമുഖദാസൻ** എന്ന
- പേരു നൽകിയത്
- കേരള യോഗീശ്വരൻ എന്നു വിശേഷിപ്പിക്കപ്പെട്ടത് - **ചട്ടമ്പിസ്വാമികൾ**
- **സർവ്വ വിദ്യാദിരാജൻ** എന്നറിയപ്പെട്ടത് - **ചട്ടമ്പി സ്വാമികൾ**
- **ബാലഭട്ടാരകൻ** എന്നറിയപ്പെട്ടത് - **ചട്ടമ്പി സ്വാമികൾ**
- തിരുവനന്തപുരത്തെ ഗവൺമെന്റ് സെക്രട്ടറിയേറ്റിന്റെ നിർമ്മാണ ജോലിയുമായി ബന്ധപ്പെട്ട് മണ്ണുചുമന്ന പരിഷ്കർത്താവ് - **ചട്ടമ്പി സ്വാമികൾ**
- 'അയിത്തം അറബികടലിൽ തള്ളേണ്ട കാലം അതിക്രമിച്ചു' എന്ന് പറഞ്ഞതാര് - **ചട്ടമ്പി സ്വാമികൾ**

### വേദാധികാര നിരൂപണം

- ചട്ടമ്പി സ്വാമികളുടെ ഏറ്റവും പ്രശസ്ത കൃതി - **വേദാധികാര നിരൂപണം**
- വേദാധികാര നിരൂപണത്തെപ്പറ്റി സ്വാമി വിവേകാനന്ദൻ പറഞ്ഞത് - **'തീപോലുള്ള വാക്കുകൾ. കത്തിപോകാത്തത് ഭാഗ്യം'**
- ചട്ടമ്പി സ്വാമികളുടെ പ്രധാന ശിഷ്യൻ - **ബോധേശ്വരൻ**
- 'ജയ ജയ കോമള കേരള ധരണി ജയ ജയ മാമക പൂജിത ജനനി' എന്നു തുടങ്ങുന്ന ദേശ ഭക്തിഗാനം രചിച്ചത് - **ബോധേശ്വരൻ**

Career Focus

### ചട്ടമ്പി സ്വാമികളുടെ പ്രശസ്ത കൃതികൾ

- വേദാധികാര നിരൂപണം
- ജീവകാരുണ്യ നിരൂപണം
- മോക്ഷ പ്രദീപഖണ്ഡനം
- അദ്വൈത ചിന്താപദ്ധതി
- ക്രിസ്തുമത ഛേദനം
- പ്രാചീന മലയാളം
- വേദാന്ത മലയാളം
- വേദാന്ത സാരം
- ക്രിസ്തുമത നിരൂപണം
- നിജാനന്ദ വിലാസം

### ഡോ. പല്പു (1863-1950)

- ഇന്ത്യൻ ചരിത്രത്തിലെ **നിശബ്ദനായ വിപ്ലവകാരി** ഏന്നു വിശേഷിക്കപ്പെട്ട ആളാണ് ഡോ. പല്പു. അദ്ദേഹമാണ് ഈഴവ സമുദായത്തിൽ നിന്ന് ആദ്യമായി മെഡിക്കൽ ഡിഗ്രി എടുത്തത്

| | |
|---|---|
| ജനിച്ചത് | - തിരുവനന്തപുരത്തെ പേട്ടയിൽ (1863 നവംബർ 2) |
| യഥാർത്ഥ നാമം | - പദ്മനാഭൻ |
| അന്തരിച്ചത് | - 1950 ജനുവരി 25ന് |

- മെഡിക്കൽ ഡിഗ്രി എടുത്തെങ്കിലും കീഴ്ജാതിക്കാരനായതു കൊണ്ട് തിരുവിതാംകൂറിൽ ഡോക്ടറായി ജോലി ലഭിക്കാതിരുന്ന പല്പു കർണാടകത്തിലാണ് ജോലി ചെയ്തത്.
- **ട്രീറ്റ്മെന്റ് ഓഫ് തീയാസ് ഇൻ ട്രാവൻകൂർ** ഡോ. പല്പുവിന്റെ പ്രശസ്ത കൃതിയാണ്. ( ഈ ഗ്രന്ഥം സി.വി കുഞ്ഞുരാമൻ കേരളത്തിലെ തീയ്യന്മാരോടുള്ള പെരുമാറ്റം എന്ന പേരിൽ തർജ്ജമ ചെയ്തു)
- തിരുവിതാംകൂർ സർക്കാർ ഈഴവരോടു കാണിച്ചിരുന്ന അവഗണനഭാവം ഡോ. പല്പു ബാരിസ്റ്റർ പിള്ള വഴി ബ്രിട്ടീഷ് പാർലമെന്റിൽ അവതരിപ്പിച്ചു.
- ഈഴവ സമുദായത്തിനും തനിക്കും നേരിടേണ്ടി വന്ന ജാതീയമായ വിവേചനങ്ങളെപ്പറ്റി ഡോ. പല്പു എഴുതിയ പ്രശസ്ത ലേഖനം - **തിരുവിതാംകോട്ടെ തീയ്യൻ**
- 1891 ൽ മലയാളി മെമ്മോറിയൽ സമർപ്പിക്കാൻ ജി.പി. പിള്ളക്ക് പിന്തുണ നൽകിയത് - **ഡോ. പല്പു**
- മലയാളി മെമ്മോറിയലിൽ മൂന്നാമതായി ഒപ്പിട്ട വ്യക്തി - **ഡോ. പല്പു**
- 10,028 പേർ ഒപ്പിട്ട് ശ്രീമൂലം തിരുനാളിനു സമർപ്പിച്ച ഒരു ഭീമ ഹർജി ആണ് മലയാളി മെമ്മോറിയൽ
- 1896 സെപ്റ്റംബർ 3 നാണ് ഡോ. പല്പു ഈഴവ മെമ്മോറിയൽ ശ്രീമൂലം തിരുനാളിനു സമർപ്പിച്ചത് (13,176 പേർ ഒപ്പിട്ടു)
- 1900-ൽ കഴ്സൺ പ്രഭുവിന്റെ മുന്നിലാണ് രണ്ടാം ഈഴവ മെമ്മോറിയൽ സമർപ്പിക്കപ്പെട്ടത്.
- ഡോ. പല്പു സ്ഥാപിച്ച സംഘടന - **ഗ്രേറ്റർ ഈഴവ അസോസിയേഷൻ** (ഈഴവ മഹാസഭ)
- ഡോ. പല്പു ശ്രീനാരായണഗുരുവിനെ വിളിച്ചിരുന്നത് **പെരിയ സ്വാമി** എന്നായിരുന്നു. കുമാരനാശാനെ ചിന്ന സ്വാമി എന്നും.
- ഡോ. പല്പു സ്ഥാപിച്ച മറ്റൊരു സംഘടന - **മലബാർ ഇക്കണോമിക് യൂണിയൻ**
- **ട്രാവൻകൂർ ഈഴവ സഭ** യുടെ സ്ഥാപകൻ - **ഡോ. പല്പു (1896)**
- ഡോ. പല്പുവിന്റെ മകനും ശ്രീനാരായണ ഗുരുവിന്റെ ശിഷ്യനുമായ വ്യക്തി - **ഡോ. നടരാജ ഗുരു**
- ഡോ. പല്പുവിനെ ഇന്ത്യൻ ചരിത്രത്തിലെ നിശബ്ദതയെ വിപ്ലവകാരി എന്നു വിശേഷിപ്പിച്ചത് - **സരോജിനി നായിഡു**

നാരായണ ഗുരുകുലം സ്ഥാപിച്ചത് - **ഡോ. നടരാജ ഗുരു (ഊട്ടിയിൽ)**
ശ്രീനാരായണ വിദ്യാലയം സ്ഥാപിച്ചത് - **ആനന്ദ തീർത്ഥൻ (പയ്യന്നൂരിൽ)**

Career Focus

## ബ്രഹ്മാനന്ദ ശിവയോഗി (1852-1929)

- ആലത്തൂരിലെ സിദ്ധാശ്രമത്തിന്റെ സ്ഥാപകനായ ബ്രഹ്മാനന്ദ ശിവയോഗി യോഗാഭ്യാസങ്ങളിൽ അധിഷ്ഠിതമായ ജീവിതചര്യ എന്ന ആശയത്തിന്റെ വക്താവ് ആയിരുന്നു. അദ്ദേഹം ജാതി വർണ്ണ വ്യവസ്ഥകളേയും തീർത്ഥ യാത്രകളേയും വിഗ്രഹാരാധനയേയും നിരാകരിച്ചു. മനസ്സിലെ ശാന്തി സ്വർഗ്ഗവും അശാന്തി നരകവുമാണ്. വേറെ സ്വർഗ നരകങ്ങളില്ല എന്നതായിരുന്നു അദ്ദേഹത്തിന്റെ ദർശനം
- ജനിച്ചത് - 1852 ആഗസ്റ്റ് 26
- ജന്മ സ്ഥലം - ചിറ്റൂർ പാലക്കാട്
- അച്ഛൻ - കുഞ്ഞികൃഷ്ണ മേനോൻ
- അമ്മ - നാണിയമ്മ
- യഥാർത്ഥ നാമം - കാരാട്ട് ഗോവിന്ദമേനോൻ
- 1893 ൽ ആലത്തൂരിൽ ശിവയോഗി സ്ഥാപിച്ച ആശ്രമം - **സിദ്ധാശ്രമം**
- **ആലത്തൂരിലെ സ്വാമി** എന്നറിയപ്പെട്ടത് - **ബ്രഹ്മാ. ശിവയോഗി**
- 'സ്ത്രീകളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിന് വിദ്യാഭ്യാസമാണ് വേണ്ടത്' എന്ന സന്ദേശം എഴുതിയ കൃതി - **സ്ത്രീവിദ്യാപോഷിണി**
- ബ്രഹ്മാനന്ദ ശിവയോഗിയുടെ പ്രമുഖ ശിഷ്യൻ - **വാഗ്ഭടാനന്ദൻ**
- ബ്രഹ്മാനന്ദ ശിവയോഗി **ആനന്ദമഹാസഭ** സ്ഥാപിച്ചത് - **1918**
- ബ്രഹ്മാനന്ദ ശിവയോഗിയുടെ സിദ്ധാന്തങ്ങളും ആശയങ്ങളും **ആനന്ദമതം** എന്ന പേരിൽ അറിയപ്പെട്ടു
- ആനന്ദ ദർശനത്തിന്റെ വക്താവ് - **ബ്രഹ്മാനന്ദ ശിവയോഗി**
- **മനസ്സാണ് ദൈവം** എന്ന് ഉദ്ഘോഷിച്ചത് - **ബ്രഹ്മാനന്ദ ശിവയോഗി**
- **നിരീശ്വരവാദികളുടെ ഗുരു** എന്നറിയപ്പെട്ടത് - **ബ്രഹ്മാനന്ദ ശിവയോഗി**

- ബ്രഹ്മാനന്ദ ശിവയോഗി എഴുതിയ ആദ്യ കൃതി - **കൂടല്ലൂർ ഭഗവതി സ്തുതി**
- ബ്രഹ്മാനന്ദ ശിവയോഗിയുടെ ഏറ്റവും പ്രശസ്തമായ കൃതികൾ - **മോക്ഷപ്രദീപം, ആനന്ദക്കുമ്മി, ജ്ഞാന ക്കുമ്മി, ശിവയോഗരഹസ്യം, ആനന്ദകല്പദ്രുമം, വിഗ്രഹാരാധന ഖണ്ഡനം**

**അയ്യങ്കാളി (1863–1941)**

- പുലയരുടെ ഉന്നമനത്തിനു വേണ്ടി ജീവിതം സമർപ്പിച്ച അയ്യങ്കാളി ജാതിവിവേചനത്തിനെതിരെ പോരാടി. അയിത്ത വിഭാഗങ്ങളുടെ നേതാവെന്ന നിലയിൽ പ്രസിദ്ധനായ അയ്യങ്കാളി ശ്രീമൂലം പ്രജാസഭയിലെ അംഗമായിരുന്നു.

| | |
|---|---|
| ജനിച്ചത് | - 1863 ആഗസ്റ്റ് 28 |
| ജന്മ സ്ഥലം | - വേങ്ങാനൂർ - തിരുവനന്തപുരം |
| അയ്യങ്കാളി സ്മാരകം സ്ഥിതിചെയ്യുന്നത് | - ചിത്രകൂടം (വേങ്ങാനൂർ) |

- 1905 ൽ അയ്യങ്കാളി കുടിപ്പള്ളിക്കൂടം സ്ഥാപിച്ചത് - **വേങ്ങാനൂരിൽ**
- **സാധുജന പരിപാലന സംഘം** സ്ഥാപിച്ചത് - **1907** ൽ (**1938** ൽ സാധുജന പരിപാലന സംഘം **പുലയ മഹാ സഭ** എന്ന് പുനർ നാമകരണം ചെയ്തു.)
- സാധുജന പരിപാലന സംഘത്തിന്റെ മുഖപത്രം - **സാധുജന പരിപാലിനി**
- അയ്യങ്കാളി ആദ്യമായി ശ്രീമൂലം പ്രജാസഭയിൽ അംഗമായത് - **1911**
- ശ്രീമൂലം പ്രജാ സഭയിലേക്ക് അയ്യങ്കാളിയെ നാമ നിർദ്ദേശം ചെയ്ത വർഷം - **1914** (അയ്യങ്കാളി തുടർച്ചയായി 28 വർഷം ശ്രീമൂലം പ്രജാസഭയിൽ അംഗമായിരുന്നു)
- തിരുവിതാംകൂറിൽ **കർഷകതൊഴിലാളികളുടെ പണിമുടക്ക് സമരം** നയിച്ചത് - **അയ്യങ്കാളി**
- കേരളത്തിലെ ആദ്യ കർഷക സമരത്തിന് നേതൃത്വം നല്കിയ വ്യക്തി - **അയ്യങ്കാളി**
- ഇന്ത്യയിലെ തന്നെ **ആദ്യത്തെ തൊഴിലാളി നേതാവായി** വിശേഷിക്കപ്പെടുന്ന വ്യക്തി - **അയ്യങ്കാളി**
- പിന്നോക്ക ജാതിയിൽ പെട്ട കുട്ടികൾക്ക് സർക്കാർ സ്കൂളിൽ പഠിക്കാൻ സ്വാതന്ത്ര്യം നൽകിയ രാജാവ് - **ശ്രീമൂലം തിരുനാൾ (1914)**
- 'ഞാനിതാ പുലയ ശിവനെ പ്രതിഷ്ഠിക്കുന്നു' എന്നു പറഞ്ഞത് - **അയ്യങ്കാളി**

**അയ്യങ്കാളി നയിച്ച പ്രക്ഷോഭങ്ങൾ**

- പൊതുവഴിയിലൂടെ താഴ്ന്ന ജാതിക്കാർക്ക് സഞ്ചാര സ്വാതന്ത്ര്യം ലഭിക്കുന്നതിനു വേണ്ടി അയ്യങ്കാളി നടത്തിയ സമരം - **വില്ലുവണ്ടി സമരം**
- വില്ലുവണ്ടി സമരം നടത്തിയത് - **1893** ൽ (വേങ്ങാനൂർ മുതൽ കവടിയാർ കൊട്ടാരം വരെ)
- ജാതി തിരിച്ചറിയാനായി അധകൃതർ ധരിച്ചിരുന്ന കല്ലുമാലകൾ പൊട്ടിച്ചെറിയുന്നതായിരുന്നു കല്ലുമാല സമരം
- **കല്ലുമാല സമരത്തിന്റെ** നേതാവ് - അയ്യങ്കാളി
- കല്ലുമാല സമരം നടന്ന വർഷം - **1915** (പെരിനാട് എന്ന സ്ഥലത്ത്)
- കല്ലുമാല സമരം അറിയപ്പെടുന്നത് - **പെരിനാട് ലഹള**
- തൊണ്ണൂറാമാണ്ട് സമരം നടന്ന വർഷം - **1915**
- തൊണ്ണൂറാമാണ്ട് സമരം അറിയപ്പെടുന്നത് - **പുലയ ലഹള, ഊരൂട്ടമ്പലം ലഹള**
- 'ഞങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിച്ചില്ലെങ്കിൽ കാണായ പാടങ്ങളിലെല്ലാം മുടിപ്പുല്ല് കരിപ്പിക്കു'മെന്ന് ഉദ്ഘോഷിച്ചത് - **അയ്യങ്കാളി**
- അയ്യങ്കാളിയെ **പുലയ രാജ** എന്നു വിശേഷിപ്പിച്ചത് - **മഹാത്മാഗാന്ധി (1937-ൽ വേങ്ങാനൂരിൽ നടത്തിയ സ്വീകരണത്തിൽവച്ച്)**
- അയ്യങ്കാളിയുടെ പ്രതിമ തിരുവനന്തപുരത്ത് കവടിയാർ സ്ക്വയറിൽ അനാഛാദനം ചെയ്തത് - **ഇന്ദിരാഗാന്ധി**
- **ഇന്ത്യയുടെ മഹാനായ പുത്രൻ** എന്ന് അയ്യങ്കാളിയെ വിശേഷിപ്പിച്ചത് - **ഇന്ദിരാഗാന്ധി**

**വാഗ്ഭടാനന്ദൻ (1885–1939)**

- എല്ലാ മതങ്ങളുടെയും ആത്യന്തിക ലക്ഷ്യം ഒന്നു തന്നെ ആണെന്നും മതങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾക്ക് പ്രസക്തിയില്ലെന്നും സമർത്ഥിച്ച സാമൂഹ്യ പരിഷ്കർത്താവാണ് വാഗ്ഭടാനന്ദൻ
- വാഗ്ഭടാനന്ദൻ എന്ന പേര് നൽകിയത് - **ബ്രഹ്മാനന്ദ ശിവയോഗി**

Career Focus

- വാഗ്ഭടാനന്ദന്റെ ജന്മസ്ഥലം - **പാട്യം (കണ്ണൂർ)**
- യഥാർത്ഥ പേര് - **വയലേരി കുഞ്ഞികണ്ണൻ ഗുരുക്കൾ**
- ബാല്യകാലനാമം - **കുഞ്ഞികണ്ണൻ**
- ബാലഗുരു എന്നറിയപ്പെടുന്ന സാമൂഹ്യപരിഷ്കർത്താവ് - **വാഗ്ഭടാനന്ദൻ**
- കാവി ഉപേക്ഷിച്ച് ഖദർ അണിഞ്ഞ നവോത്ഥാന നായകൻ - **വാഗ്ഭടൻ**
- 'ഉണരുവിൻ അഖിലേശ്വരനെ സ്മരിപ്പിൻ
- ക്ഷണമെഴുന്നേല്പിൻ, അനീതിയോടെതിർപ്പിൻ'
- എന്നതായിരുന്നു വാഗ്ഭടന്റെ ആഹ്വാനം
- **ജാതിപ്രമാണം ഹിന്ദുമതത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾക്ക് വിരുദ്ധമാണ്** എന്ന് പ്രഖ്യാപിച്ചത് - **വാഗ്ഭടാനന്ദൻ**
- ഊരാളുങ്കൽ കൂലിവേലക്കാരുടെ പരസ്പര സഹായ സംഘം എന്ന പേരിൽ കർഷകരുടെ സംഘം സ്ഥാപിച്ചത് - **വാഗ്ഭടാനന്ദൻ**
- (ഈ കർഷകസംഘമാണ് പില്കാലത്ത് ഇന്ത്യയിലെ ഏറ്റവും വലിയ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി ആയ **ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി** ആയി മാറിയത്)
- 1917-ൽ വാഗ്ഭടാനന്ദൻ സ്ഥാപിച്ച സംഘടന - **ആത്മവിദ്യാ സംഘം**
- ആത്മവിദ്യാ സംഘത്തിന്റെ പ്രധാന പ്രവർത്തനമേഖല - **മലബാർ**
- ആത്മവിദ്യാ സംഘത്തിന്റെ മുഖപത്രം - **അഭിനവ കേരളം**
- വാഗ്ഭടാനന്ദൻ സ്ഥാപിച്ച **സംസ്കൃത പഠന കേന്ദ്രം - തത്വപ്രകാശിക** (കോഴിക്കോട് കാരപ്പറമ്പിൽ)
- വാഗ്ഭടാനന്ദൻ - യോഗാനന്ദ കൗമുദി യോഗശാല സ്ഥാപിച്ചത് - **കോഴിക്കോട് (1911ൽ)**
- **ഐക്യനാണയ സംഘം** എന്നപേരിൽ ബാങ്ക് ആരംഭിച്ച നവോത്ഥാന നായകൻ - **വാഗ്ഭടാനന്ദൻ**
- പീതിവിവാഹവും പ്രീതിഭോജനവും (മിശ്രവിവാഹവും മിശ്രഭോജനവും) സംഘടിപ്പിച്ചതാര് - **വാഗ്ഭടാനന്ദൻ**

| **വാഗ്ഭടാനന്ദന്റെ പ്രധാന കൃതികൾ** | |
|---|---|
| **അത്മവിദ്യ** | ഗാന്ധിജിയും ശാസ്ത്ര വ്യാഖ്യാനവും |
| **അധ്യാത്മ യുദ്ധം** | ആത്മ വിദ്യാലേഖമാല |
| ഈശ്വര വിചാരം | പ്രാർത്ഥന മഞ്ജരി |

Career Focus

### പണ്ഡിറ്റ് കറുപ്പൻ (1885-1938)

- അരയർക്കിടയിലെ പ്രമുഖ പരിഷ്ക്കർത്താവായിരുന്നു. പണ്ഡിതനെന്ന നിലയിൽ പ്രശസ്തനായ കെ.പി. കറുപ്പൻ. **കേരളത്തിന്റെ എബ്രഹാം ലിങ്കൺ** എന്ന് അദ്ദേഹം അറിയപ്പെടുന്നു.
- പണ്ഡിറ്റ് കറുപ്പൻ ജനിച്ചത് - **1885 മെയ് 24**
- ജന്മ സ്ഥലം - **ചേരാനല്ലൂർ**
- ബാല്യകാല നാമം - **ശങ്കരൻ**
- പണ്ഡിറ്റ് കറുപ്പന്റെ ഗുരു - **അഴീക്കൽ വേലു വൈദ്യൻ**
- പണ്ഡിറ്റ് കുറുപ്പനെ സംസ്കൃതം പഠിപ്പിച്ച ഗുരു - **മംഗലപ്പിള്ളി കൃഷ്ണൻ ആശാൻ**
- ഗൃഹത്തിന്റെ പേര് - **സാഹിത്യ കുടീരം**
- **അരയസമാജം** സ്ഥാപിച്ചത് - **പണ്ഡിറ്റ് കറുപ്പൻ (1907)**
- **കൊച്ചി പുലയ മഹാസഭ** സ്ഥാപിച്ചത് - **പണ്ഡിറ്റ് കുറുപ്പൻ**
- 1913-ൽ കറുപ്പന്റെ നേതൃത്വത്തിൽ കൊച്ചിക്കായലിൽ വഞ്ചികൾ കൂട്ടിക്കെട്ടി ചങ്ങാടം നിർമ്മിച്ച് ചരിത്ര പ്രസിദ്ധമായ **കായൽ സമ്മേളനം** നടത്തി. ഈ കായൽ മഹാസമ്മേളനത്തിലാണ് **കൊച്ചി പുലമഹാസഭാ** രൂപംകൊണ്ടത്
- അരയ സമുദായത്തിന്റെ പരിഷ്കരണത്തിനു വേണ്ടി പണ്ഡിറ്റ് കുറുപ്പൻ തേവരയിൽ സ്ഥാപിച്ച സംഘടന - **വാലസമുദായ പരിഷ്കരണ സഭ**
- പണ്ഡിറ്റ് കറുപ്പൻ അഖില കേരള അരയ മഹാസഭ രൂപീകരിച്ചത് - **1922 ൽ**
- പണ്ഡിറ്റ് കെ.പി. കറുപ്പൻ കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിലിൽ അംഗമായത് - **1925 ൽ**
- **കവിതിലകൻ** എന്നറിയപ്പെട്ട പണ്ഡിറ്റ് കറുപ്പന് ആ പദവി നൽകിയത് - **കൊച്ചി മഹാരാജാവ്**

- പണ്ഡിറ്റ് കറുപ്പന് വിദ്വാൻ എന്ന സ്ഥാനപ്പേര് നൽകിയത് - **കേരളവർമ്മ വലിയ കോയിത്തമ്പുരാൻ**
- സാഹിത്യത്തിലൂടെ സാമൂഹിക പരിഷ്കരണം നിറവേറ്റിയ സാമൂഹിക വിപ്ലവകാരി - **പണ്ഡിറ്റ് കറുപ്പൻ**
- ജാതിവ്യവസ്ഥകളും തൊട്ടുകൂടായ്മക്കുമെതിരെ ശബ്ദമുയർത്തുന്ന കേരളത്തിലെ ആദ്യ കൃതി - **ജാതിക്കുമ്മി**
- ജാതിയുടെ പേരിൽ നിയമസഭാസാമാജികനായ തന്നെ ഒരു പൊതുചടങ്ങിന് ക്ഷണിക്കാത്തതിൽ പ്രതിഷേധിച്ച് പണ്ഡിറ്റ് കെ.പി, കറുപ്പൻ കൊച്ചി മഹാരാജാവിന് എഴുതി സമർപ്പിച്ച ഖണ്ഡ കാവ്യമേത് - **ഉദ്യാനവിരുന്ന്**
- അന്ധവിശ്വാസങ്ങൾക്കെതിരെ പ്രവർത്തിക്കാൻ പ്രചോദനമുണർത്തിയ കറുപ്പന്റെ രചന - **ആചാരഭൂഷണം**

| **കറുപ്പന്റെ മുഖ്യകൃതികൾ** | |
|---|---|
| ജാതിക്കുമ്മി | ബാലകലേശം |
| പഞ്ചവടി | സ്തോത്രമന്ദാരം |
| ലങ്കാമർദ്ദനം | ചിത്ര ലേഖ |
| ആചാര ഭൂഷണം | ധ്രുവ ചരിതം |
| ലളിതോപഹാരം | അരയ പ്രശസ്തി |

### പൊയ്കയിൽ ശ്രീകുമാരഗുരുദേവൻ (1879-1939)

- ക്രൈസ്തവനും ഹിന്ദുവും അല്ലാത്ത 'ദ്രാവിഡ ദളിതൻ' എന്ന ആശയം കൊണ്ടു വന്ന സാമൂഹ്യപരിഷ്ക്കർത്താവാണ് പൊയ്കയിൽ ശ്രീകുമാരഗുരുദേവൻ
- യഥാർത്ഥ പേര് - **പൊയ്കയിൽ യോഹന്നാൻ**
- ജന്മസ്ഥലം - **ഇരവി പേരൂർ** (തിരുവല്ല)
- **പ്രത്യക്ഷരക്ഷാ ദൈവസഭ (PRDS)** സ്ഥാപിച്ചത് - **പൊയ്കയിൽ യോഹന്നാൻ**
- പ്രത്യക്ഷരക്ഷാ ദൈവസഭ സ്ഥാപിച്ച വർഷം - **1909**
- ദളിത് ക്രിസ്ത്യാനികളുടെ രക്ഷകനായി ഇദ്ദേഹം അറിയപ്പെട്ടു
- ദളിത് ക്രിസ്ത്യാനികൾക്കെതിരെയുള്ള വിവേചനത്തിനെതിരെ നടത്തിയ പ്രക്ഷോഭം - **അടിലഹള**
- സർക്കാർ അനുമതിയോടെ കീഴ്ജാതിക്കാർക്കായി തിരുവിതാംകൂറിൽ ആദ്യത്തെ ഇംഗ്ലീഷ് വിദ്യാലയം ആരംഭിച്ചത് - **പൊയ്കയിൽ യോഹന്നാൻ**
- 1921, 1931 വർഷങ്ങളിൽ യോഹന്നാൻ ശ്രീമൂലം പ്രജാസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.
- പൊയ്കയിൽ അപ്പച്ചൻ അഥവാ പൊയ്കയിൽ യോഹന്നാൻ എന്ന് വിളിക്കപ്പെട്ട ഇദ്ദേഹം പിൽക്കാലത്ത് **കുമാരഗുരുദേവൻ** എന്നറിയപ്പെട്ടു

Career Focus

### സഹോദരൻ അയ്യപ്പൻ (1889-1968)

- സാമൂഹിക പരിഷ്കർത്താവും ചിന്തകനും പത്രപ്രവർത്തകനുമായ കെ.അയ്യപ്പൻ, ജാതീയമായ അനാചാരങ്ങൾക്കെതിരെ പോരാടാൻ തന്റെ ജീവിതം ഉഴിഞ്ഞു വച്ചു.
- ജന്മസ്ഥലം - എറണാകുളം ജില്ലയിലെ **ചെറായി**
- ജാതി വ്യവസ്ഥയുമായി ബന്ധപ്പെട്ട ദുരാചാരങ്ങൾക്കെതിരെ പോരാടാൻ സഹോദരൻ അയ്യപ്പൻ ആരംഭിച്ച സംഘടന - **കേരള സഹോദരസംഘം**
- സഹോദര സംഘം സ്ഥാപിച്ച വർഷം - **1917**
- സഹോദര സംഘത്തിന്റെ മുഖപത്രം - **സഹോദരൻ** (മഞ്ചേരിയിൽ നിന്ന് പുറത്തിറക്കി)
- വിദ്യാപോഷിണിസഭ എന്ന സാംസ്കാരിക സംഘടനയ്ക്കു രൂപം നല്കിയ വ്യക്തി - **സഹോദരൻ അയ്യപ്പൻ**
- **വേലക്കാരൻ** എന്ന പത്രം തുടങ്ങിയത് - **സഹോദരൻ അയ്യപ്പൻ**
- 1964 ൽ ആലുവായ്ക്കടുത്ത് ശ്രീനാരായണ സേവികാസമാജം ആരംഭിച്ചത് - **സഹോദരൻ അയ്യപ്പൻ**
- സഹോദരൻ അയ്യപ്പൻ **മിശ്രഭോജനം** നടത്തിയ സ്ഥലം - **ചെറായി**
- **യുക്തിവാദി മാസികയുടെ** സ്ഥാപക എഡിറ്റർ - **സഹോദരൻ അയ്യപ്പൻ**
- യുക്തിവാദി മാസിക പ്രസിദ്ധീകരണം ആരംഭിച്ച വർഷം - **1928**
- **'ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന്'** എന്ന് പറഞ്ഞത് സഹോദരൻ അയ്യപ്പൻ
- 'കർമ്മത്താൽ ചണ്ഡാലൻ, കർമ്മത്താൽ ബ്രാഹ്മണൻ' എന്നത് ആരുടെ പ്രശസ്തമായ വാക്യമാണ് - **സഹോദരൻ അയ്യപ്പൻ**

- സഹോദരൻ അയ്യപ്പൻ സ്ഥാപിച്ച രാഷ്ട്രീയ പാർട്ടി - **സോഷ്യലിസ്റ്റ് പാർട്ടി**
- സോഷ്യലിസ്റ്റ് പാർട്ടി രൂപീകൃതമായ വർഷം - **1938**
- അയ്യപ്പൻ കൊച്ചിൻ ലെജിസ്ലേറ്റിവ് അസംബ്ലിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വർഷം - **1928**
- **കൊച്ചി മന്ത്രിസഭയിലും തിരുക്കൊച്ചി മന്ത്രിസഭയിലും** അംഗമായിരുന്ന സാമൂഹ്യ പരി ഷ്കർത്താവാണ് സഹാദരൻ അയ്യപ്പൻ
- വിദ്യാപോഷിണി എന്ന സാംസ്കാരിക സംഘടനയ്ക്ക് രൂപംനൽകിയത് - **സഹോദരൻ അയ്യപ്പൻ**
- കീഴ്ജാതിക്കാർക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളുടെയും മിശ്രഭോജന പ്രസ്ഥാനത്തിന്റേയും പേരിൽ **പുലയൻ അയ്യപ്പൻ** എന്ന് വിശേഷിക്കപ്പെട്ട വ്യക്തി - **സഹോദരൻ അയ്യപ്പൻ**
- 1940ൽ S.N.D.P യോഗം പ്രസിഡന്റായത് - **സഹോദരൻ അയ്യപ്പൻ**
- സഹോദരൻ അയ്യപ്പൻ സ്മാരകം സ്ഥിതി ചെയ്യുന്നത് - **ചെറായി**

## കുമാരനാശാൻ - (1873-1924)

- **വിപ്ലവ കവി** എന്നറിയപ്പെടുന്ന കവി കുമാരനാശാൻ ശ്രീനാരായണ ഗുരുവിന്റെ ശിഷ്യനും കേരളത്തിന്റെ നവോത്ഥാനത്തിന് തന്റെ കവിതകളിലൂടെ അനിഷേധ്യ നേതൃത്വം നൽകിയ വിശിഷ്ട വ്യക്തിത്വം കൂടി ആയിരുന്നു. തിരുവിതാംകൂർ നിയമസഭയിലും അംഗമായിരുന്നു.

| |
|---|
| ജന്മസ്ഥലം - കായിക്കര (തിരുവനന്തപുരം) |
| ബാല്യകാലനാമം - കുമാരു |

- **സ്നേഹഗായകൻ** എന്നു വിളിക്കപ്പെടുന്ന കവി - **കുമാരനാശാൻ**
- S.N.D.P യുടെ ആദ്യ സെക്രട്ടറി - **കുമാരനാശാൻ**
- കുമാരനാശാൻ ആരംഭിച്ച മാസിക - **വിവേകോദയം**
- മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത ഖണ്ഡകാവ്യം എന്നു വിശേഷിപ്പിക്കപ്പെടുന്ന **വീണപൂവ്** എഴുതിയത് - **കുമാരനാശാൻ**
- വീണപൂവ് ആദ്യമായി അച്ചടിച്ച മാസിക - **മിതവാദി**
- വഞ്ചിപ്പാട്ടിന്റെ വൃത്തത്തിൽ കുമാരനാശാൻ എഴുതിയ ഖണ്ഡ കാവ്യം -**കരുണ**
- എ. ആർ. രാജരാജ വർമ്മയുടെ നിര്യാണത്തിലുള്ള ദു:ഖത്തിൽ കുമാരനാശാൻ രചിച്ച വിലാപ കാവ്യം - **പ്രരോദനം**
- 1921 ലെ മാപ്പിളലഹള പശ്ചാത്തലമാക്കി ജാതി ചിന്തക്കെതിരെ കുമാരനാശാൻ രചിച്ച കാവ്യം - **ദുരവസ്ഥ**
- ടാഗോറിനോടുള്ള ആദരവു പ്രകടിപ്പിക്കാൻ കുമാരനാശാൻ രചിച്ച കൃതി - **ദിവ്യകോകിലം**
- കുമാരനാശാൻ എഴുതിയ **നളിനി** ക്ക് അവതാരിക എഴുതിയത് - **എ.ആർ. രാജരാജ വർമ**
- എഡ്വിൻ ആർനോൾഡ് എഴുതിയ **ലൈറ്റ് ഓഫ് ഏഷ്യ** എന്ന കൃതി മലയാളത്തിൽ ശ്രീബുദ്ധ ചരിതം എന്ന പേരിൽ വിവർത്തനം ചെയ്തത് - **കുമാരനാശാൻ**
- ബുദ്ധ മത തത്വങ്ങളെ ആധാരമാക്കി കുമാരനാശാൻ എഴുതിയ ഖണ്ഡകാവ്യം - **ചണ്ഡാല ഭിക്ഷുകി**
- **മാറ്റുവിൻ ചട്ടങ്ങളെ** എന്ന് തന്റെ കവിതയിലൂടെ ആഹ്വാനം ചെയ്ത കവി - **കുമാരനാശാൻ**
- മഹാകാവ്യം എഴുതാതെ മഹാകവി എന്ന പദവി ലഭിച്ച കവി - **കുമാരനാശാൻ**
- കുമാരനാശാന് മഹാകവി എന്ന പദവി നൽകിയത് (1922) - **മദ്രാസ് യൂണിവേഴ്സിറ്റി**
- 1922ൽ ടാഗോർ ശ്രീനാരായണ ഗുരുവിനെ സന്ദർശിച്ചപ്പോൾ വിവർത്തകനായത് - **കുമാരനാശാൻ**
- എം.കെ. സാനു എഴുതിയ കുമാരനാശാന്റെ ജീവചരിത്രം - **മൃത്യുഞ്ജയം കാവ്യഗീതം**
- കുമാരനാശാൻ എന്ന ജീവചരിത്രം എഴുതിയത് - **കെ സുരേന്ദ്രൻ**
- കുമാരനാശാന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ പുരസ്കാരം - **ആശാൻ വേൾഡ് പ്രൈസ്**
- ഇന്ത്യൻ സ്റ്റാമ്പിലൂടെ സ്മരിക്കപ്പെട്ട ആദ്യ മലയാള കവി - **കുമാരനാശാൻ**
- **പല്ലനയാറ്റിൽ നടന്ന റെഡീമർ** ബോട്ടപകടത്തിൽ കുമാരനാശാൻ മരണപ്പെട്ടത് -**1924 ജനുവരി 16ന്**
- കുമാരനാശാൻ സ്മാരകം സ്ഥിതിചെയ്യുന്നത് - **തോന്നയ്ക്കൽ**

Career Focus

**കുമാരനാശാൻ – വിശേഷണങ്ങൾ**

- കുമാരനാശാനെ **വിപ്ലവത്തിന്റെ ശുക്ര നക്ഷത്രം** എന്നു വിശേഷിപ്പിച്ചത് – **ജോസഫ് മുണ്ടശ്ശേരി**
- വിപ്ലവത്തിന്റെ കവി എന്നും നവോത്ഥാനത്തിന്റെ കവി എന്നും കുമാരനാശാനെ വിശേഷിപ്പിച്ചത് – **തായാട്ട് ശങ്കരൻ**
- 'ദിവ്യകോകിലം' എന്നു കുമാരനാശാനെ വിശേഷിപ്പിച്ചത് – **ഡോ. ലീലാവതി**
- കുമാരനാശാനെ 'ചിന്നസ്വാമി' എന്നു വിളിച്ചത് – **ഡോ. പല്പു**

| **ആശാൻ കൃതികൾ** | |
|---|---|
| വീണപൂവ് | പുഷ്പവാടി |
| നളിനി | ഗ്രാമ വൃക്ഷത്തിലെ കുയിൽ |
| ലീല | പ്രരോദനം |
| കരുണ | ചിന്താവിഷ്ടയായ സീത |
| ദുരവസ്ഥ | മണിമാല |
| ചണ്ഡാല ഭിക്ഷുകി | ശ്രീബുദ്ധചരിതം |
| വനമാല | |

ആശാൻ രചിച്ച നാടകങ്ങൾ – **വിചിത്ര വിജയം, മൃത്യുഞ്ജയം**

**വക്കം അബ്ദുൽ ഖാദർ മൗലവി (1873–1932)**

- കേരളത്തിലെ മുസ്ലിംങ്ങളുടെ പിന്നോക്ക അവസ്ഥ മെച്ചപ്പെടുത്താനും അവരിൽ വിദ്യാഭ്യാസം എത്തിക്കാനും വേണ്ടി ജീവിതം മുഴുവൻ യത്നിച്ച നവോത്ഥാന നേതാവാണ് വക്കം അബ്ദുൽ ഖാദർ മൗലവി
- ജനിച്ചത് – **1873 ഡിസംബർ 28ന്**
- ജന്മസ്ഥലം – **വക്കം (തിരുവനന്തപുരം)**
- കേരള മുസ്ലീം നവോത്ഥാനത്തിന്റെ പിതാവ് – **വക്കം അബ്ദുൽ ഖാദർ മൗലവി**
- ഇസ്ലാമിയ പബ്ലിക് ഹൗസ് സ്ഥാപിച്ചത് – **വക്കം അബ്ദുൽ ഖാദർ മൗലവി**
- S.N.D.P മാതൃകയിൽ ഇസ്ലാം ധർമ്മപരിപാലന സംഘം തുടങ്ങിയത് – **വക്കം അബ്ദുൽ ഖാദർ മൗലവി**
- മൗലവി സ്ഥാപിച്ച സംഘടനകൾ– **ഐക്യ മുസ്ലീം സംഘം**, മുസ്ലിം മഹാജന സഭ, ചിറയിൻ കീഴ് താലൂക്ക് മുസ്ലീം സമാജം
- ചരിത്ര പ്രസിദ്ധമായ **സ്വദേശാഭിമാനി** പത്രത്തിന്റെ സ്ഥാപകൻ – **വക്കം അബ്ദുൽ ഖാദർ മൗലവി**
- സ്വദേശാഭിമാനി പത്രം സ്ഥാപിച്ച സ്ഥലം – **അഞ്ചു തെങ്ങ്** (1905 ജനുവരി 19)
- സ്വദേശാഭിമാനി തിരുവനന്തപുരത്തു നിന്ന് പ്രസിദ്ധീകരണം ആരംഭിച്ചത് – **1907 ൽ**
- സ്വദേശാഭിമാനിയുടെ ആദ്യ എഡിറ്റർ – **സി.പി. ഗോവിന്ദപ്പിള്ള**
- സ്വദേശാഭിമാനി പത്രം തിരുവിതാംകൂർ സർക്കാർ നിരോധിച്ച വർഷം – **1910**
- മുസ്ലീം എന്ന മാസികയും അൽ ഇസ്ലാം എന്ന അറബി മലയാള പത്രവും പ്രസിദ്ധീകരിച്ചതാര് – **വക്കം അബ്ദുൾ ഖാദർ മൗലവി**

**സ്വദേശാഭിമാനി രാമകൃഷ്ണ പിള്ള (1878–1916)**

- കേരളം കണ്ട ഏറ്റവും സാഹസികനായ പത്ര പ്രവർത്തകനായിരുന്നു സ്വദേശാഭിമാനി രാമകൃഷ്ണപിള്ള. ദിവാൻ രാജഗോപാലാചാരിയുടെ ദുർഭരണത്തിനെതിരെ ശക്തമായി പ്രതികരിച്ചതിന് നാടുകടത്തപ്പെട്ട രാമ കൃഷ്ണ പിള്ള 1916 ൽ കണ്ണൂരിൽ വച്ച് അന്തരിച്ചു.
- സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ജന്മസ്ഥലം – **നെയ്യാറ്റിൻകര (തിരുവനന്തപുരം)**
- കേരളൻ എന്ന തൂലികാ നാമത്തിൽ അറിയപ്പെട്ടിരുന്നത് – **സ്വദേശാഭിമാനി രാമകൃഷ്ണപിള്ള**
- 'കേരളൻ' എന്ന മാസിക ആരംഭിച്ചത് – **സ്വദേശാഭിമാനി രാമകൃഷ്ണപിള്ള**
- വക്കം അബ്ദുൽ ഖാദർ മൗലവിയുടെ ഉടമസ്ഥതയിലുള്ള സ്വദേശാഭിമാനി പത്രത്തിന്റെ എഡിറ്ററായി ചുമതലയേറ്റ വർഷം – **1906**
- സ്വദേശാഭിമാനി പത്രത്തിലൂടെ വിമർശിച്ചത് – **ദിവാൻ രാജഗോപാലാചാരിയെ**
- സ്വദേശാഭിമാനി പത്രം തിരുവിതാംകൂർ സർക്കാർ നിരോധിച്ച വർഷം – **1910**
- ദിവാൻ രാജഗോപാലാചാരി രാമകൃഷ്ണപിള്ളയെ നാടുകടത്തിയത് – **തിരുനെൽവേലിയിലേക്ക് (1910 സെപ്തംബർ 26ന്)**

Career Focus

- സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാടുകടത്തിയ സമയത്തെ തിരുവതാംകൂർ രാജാവ് - **ശ്രീമൂലം തിരുനാൾ**
- പത്രപ്രവർത്തനത്തെക്കുറിച്ചുള്ള മലയാളത്തിലെ രാമകൃഷ്ണപിള്ള എഴുതിയ ആദ്യത്തെ പുസ്തകം - **വൃത്താന്ത പത്രപ്രവർത്തനം**
- 'പത്രപ്രവർത്തകരുടെ ബൈബിൾ' എന്നറിയപ്പെടുന്നത് - **വൃത്താന്ത പത്രപ്രവർത്തനം**
- സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയുടെ പ്രതിമ സ്ഥാപിച്ചിരിക്കുന്നത് - **പാളയം (തിരുവനന്തപുരം)**

**സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയുടെ പ്രധാന കൃതികൾ**

- **കേരള മാർക്സ്** - (മാർക്സിന്റെ ജീവ ചരിത്രം ആദ്യമായി ഒരു ഇന്ത്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തത് രാമകൃഷ്ണ പിള്ള ആണ്)
- **മോഹൻദാസ് ഗാന്ധി** : - ഗാന്ധിയെക്കുറിച്ച് ആദ്യമായി മലയാളത്തിൽ രചന നടത്തിയത് സ്വദേശാഭിമാനി രാമകൃഷ്ണ പിള്ള ആണ്.
- സ്വദേശാഭിമാനിയുടെ ആത്മകഥ - **എന്റെ നാട് കടത്തൽ**
- ഈശ്വരൻ തെറ്റുചെയ്താലും ഞാനതു റിപ്പോർട്ട് ചെയ്യുമെന്ന് പറഞ്ഞ പത്രാധിപർ - **സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള**
- ഏത് രാജ്യത്തുനിന്നുള്ള മലയാളികളാണ് കെ. രാമകൃഷ്ണപിള്ളയ്ക്ക് **'സ്വദേശാഭിമാനി ബിരുദം'** സമ്മാനിച്ചത് - **മലേഷ്യ**
- **കണ്ണൂർ പയ്യാമ്പലം കടപ്പുറത്ത്** അന്ത്യവിശ്രമം കൊള്ളുന്ന മലയാളി പത്രാധിപർ - **സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള**
- **വ്യാഴവട്ട സ്മരണകൾ** എന്ന ഗ്രന്ഥം രചിച്ച **ബി. കല്യാണിക്കുട്ടിയമ്മ** കെ. രാമകൃഷ്ണപിള്ള യുടെ പത്നിയാണ്.
- 'ഭയ കൗടില്യലോഭങ്ങൾ വളർത്തുകില്ലൊരു നാടിനെ' എന്ന മുഖവാക്യം ഏത് പ്രസിദ്ധീകരണത്തിന്റേതായിരുന്നു - **സ്വദേശാഭിമാനി**
- ധർമ്മരാജ എന്ന നിരൂപണം എഴുതിയത് - **സ്വദേശാഭിമാനി രാമകൃഷ്ണ പിള്ള**

Career Focus

**മന്നത്ത് പത്മനാഭൻ (1878-1970)**

- നായർ സർവ്വീസ് സൊസൈറ്റിയുടെ സ്ഥാപകനും സാമൂഹ്യപരിഷ്കർത്താവുമായ മന്നത്തു പത്മനാഭൻ നായർ സമുദായത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിച്ചു.

| | |
|---|---|
| ജനിച്ചത് | - 1878 ജനുവരി 2 |
| ജന്മ സ്ഥലം | - പെരുന്ന (കോട്ടയം) |

- മന്നത്ത് പത്മനാഭൻ നായർ 1914 ഒക്ടോബർ 31ന് **നായർ ഭൃത്യജനസംഘം** സ്ഥാപിച്ചു
- 1915-ൽ സംഘം നായർ സർവ്വീസ് സൊസൈറ്റി (എൻ.എസ്.എസ്) എന്ന പേര് സ്വീകരിച്ചു
- നായർ സർവ്വീസ് സൊസൈറ്റി എന്ന പേര് നിർദ്ദേശിച്ചത് - **പരമുപിള്ള**
- ഗോഖലെയുടെ സെർവ്വന്റ്സ് ഓഫ് ഇന്ത്യൻ സൊസൈറ്റി യുടെ മാതൃകയിൽ രൂപം കൊടുത്ത സംഘടന - **N.S.S**
- N.S.S രൂപം നൽകിയ രാഷ്ട്രീയ പ്രസ്ഥാനം - **നാഷണൽ ഡമോക്രാറ്റിക് പാർട്ടി (NDP)**
- N.S.S ന്റെ മുഖപത്രം - **സർവ്വീസ്**
- N.S.S ന്റെ ആദ്യ സെക്രട്ടറി - **മന്നത്ത് പത്മനാഭൻ**
- N.S.S ന്റെ ആദ്യ പ്രസിഡന്റ് - **കെ കേളപ്പൻ**
- വൈക്കം സത്യാഗ്രഹത്തിന്റെ ഭാഗമായി **സവർണ്ണ ജാഥ** നയിച്ചത് - **മന്നത് പത്മനാഭൻ** (സവർണ ജാഥ വൈക്കത്ത് ആരംഭിച്ച് തിരുവനന്തപുരത്ത് അവസാനച്ചു)
- **താലികെട്ട് കല്യാണം** എന്നറിയപ്പെടുന്ന ശൈശവ വിവാഹം നിർത്തലാക്കിയത് - **മന്നത്ത് പത്മനാഭൻ**
- വിമോചനസമരത്തിന്റെ ഭാഗമായി **ജീവശിഖാജാഥ** നയിച്ചത് (അങ്കമാലി -തിരുവനന്തപുരം) - **മന്നത്ത് പത്മനാഭൻ**
- തിരുവതാംകൂർ ദേവസ്വം ബോർഡിന്റെ ആദ്യ പ്രസിഡന്റ് - **മന്നത്ത് പത്മനാഭൻ**
- **ഭാരതകേസരി** എന്നറിയപ്പെടുന്നത് - **മന്നത്ത്**

- മന്നത്ത് പത്മനാഭന് ഡോ. രാജേന്ദ്രപ്രസാദിൽ നിന്നും ഭാരതകേസരി എന്ന ബഹുമതി ലഭിച്ചത് - **1959ൽ**
- 1947ൽ **മുതുകുളം പ്രസംഗം** എന്ന പേരിലറിയപ്പെട്ട പ്രസംഗം നടത്തിയത് - മന്നത്ത് പത്മനാഭൻ (1935ലെ കോഴഞ്ചേരി പ്രസംഗം നടത്തിയത് - **സി. കേശവൻ)**
- മന്നത്തിന് പത്മഭൂഷൺ ലഭിച്ചത് - **1966ൽ**
- മന്നത്തിന്റെ മറ്റു പ്രധാന കൃതികൾ - **പഞ്ചകല്യാണി നിരൂപണം, ഞങ്ങളുടെ F.M.S യാത്രകൾ**
- മന്നത്തിന്റെ ആത്മകഥ - **എന്റെ ജീവിത സ്മരണകൾ**
- 'കേരളത്തിലെ ആത്മകഥ മദൻമോഹൻ മാളവ്യ' എന്ന വിശേഷണം മന്നത്തിനു നൽകിയത് - **സർദാർ കെ. എം. പണിക്കർ**

**എ.കെ ഗോപാലൻ (1904 - 1977)**

- **പാവങ്ങളുടെ പടത്തലവൻ** എന്നറിയപ്പെടുന്ന എ.കെ ഗോപാലൻ കേരളത്തിന്റെ സാമൂഹിക പുരോഗത്തിക്കു നൽകിയത് അമൂല്യമായ സംഭാവനകളാണ് .

- A.K.G ജനിച്ചത് - **1904 ഒക്ടോബർ 1**
- ജന്മസ്ഥലം - **മാവില, കണ്ണൂർ**
- A.K.G സെന്റർ - **തിരുവനന്തപുരം**
- A.K.G പ്രതിമ - **കണ്ണൂർ**
- A.K.G ഭവൻ - **ന്യൂഡൽഹി**

- ഗുരുവായൂർ സത്യാഗ്രഹത്തിന്റെ വളന്റിയർ ക്യാപ്റ്റൻ - **A.K..ഗോപാലൻ**
- ഗുരുവായൂർ സത്യാഗ്രഹത്തിനോടനുബന്ധിച്ച് കണ്ണൂരിൽ നിന്നും ക്ഷേത്ര സത്യാഗ്രഹ ജാഥ നടത്തിയത് **- എ.കെ.ജി**
- കോഴിക്കോട് നിന്നും തിരുവതാംകൂറിലേക്ക് **മലബാർ ജാഥ** നയിച്ചത് - **എ.കെ.ജി**
- 1935 ൽ തിരുവണ്ണൂർ കോട്ടൺ മിൽസ് സമരത്തിന് നേതൃത്വം നൽകിയത് - A.K.G
- കണ്ണൂരിൽ നിന്നും മദ്രാസിലേക്ക് **പട്ടിണിജാഥ** നയിച്ചത് - **അ.ഗ.ഏ (1936ൽ)**
- ഇന്ത്യൻ **കരുതൽ തടങ്കൽ നിയമ**പ്രകാരം അറസ്റ്റ് ചെയ്യപ്പെട്ട ആദ്യ വ്യക്തി - A.K.G
- **ഇന്ത്യൻ കോഫി ഹൗസിന്റെ** സ്ഥാപകൻ - A.K.G
- A.K.G അന്തരിച്ചത് - **1977 മാർച്ച് 22 ന്**
- A.K.G യുടെ ജീവിതത്തെ ആസ്പദമാക്കി ഷാജി എൻ.കരുൺ സംവിധാനം ചെയ്ത സിനിമ - **എകെ.ജി അതിജീവനത്തിന്റെ കനൽവഴികൾ**
- A.K.G യെ ഇന്ത്യൻ തപാൽ സ്റ്റാമ്പിലൂടെ ആദരിച്ചവർഷം - **1990**

| **എ.കെ.ജി - പ്രധാന കൃതികൾ** |
|---|
| ഞാൻ ഒരു പുതിയ ലോകം കണ്ടു |
| കൊടുങ്കാറ്റിന്റെ മറ്റൊലി |
| എന്റെ പൂർവ്വകാല സ്മരണകൾ |
| എന്റെ ഡയറി |
| മണ്ണിനുവേണ്ടി |
| ഹരിജനം |

**പാമ്പാടി ജോൺ ജോസഫ് (1887-1940)**

- ജനിച്ചത് - പാമ്പാടി (കോട്ടയം)
- 1921 ജനുവരി 14ന് **ചേരമർ മഹാജനസഭ** രൂപികരിച്ചത് - **പാമ്പാടി ജോൺ ജോസഫ്**
- 1919 ൽ **സാധുജനദൂതൻ** എന്ന പേരിൽ മാസിക ആരംഭിച്ചത് - **പാമ്പാടി ജോൺ ജോസഫ്**
- പാമ്പാടി ജോൺ ജോസഫിന്റെ പ്രധാന കൃതി - **സവർണ്ണ ക്രിസ്ത്യാനികളും അവർണ ക്രിസ്ത്യാനികളും**

Career Focus

**കെ. കേളപ്പൻ (1889–1971)**

- **കേരള ഗാന്ധി** എന്നറിയപ്പെടുന്ന കെ.കേളപ്പൻ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി കേരളത്തിൽ നടന്ന പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകി.
- ജനിച്ചത് - **1889 ആഗസ്റ്റ് 24ന്**
- ജന്മ സ്ഥലം - **മുച്ച്കുന്ന് ഗ്രാമത്തിലെ മൂടാടി**
- 1924 ലെ വൈക്കം സത്യാഗ്രഹത്തിന്റെ നേതാവ് - **കെ.കേളപ്പൻ**
- വൈക്കം സത്യാഗ്രഹത്തോടനുബന്ധിച്ചുള്ള അയിത്തോച്ചാടന കമ്മിറ്റി അധ്യക്ഷൻ - **കെ. കേളപ്പൻ**
- കേരളത്തിൽ ക്വിറ്റ് ഇന്ത്യ സമര ത്തിന് നേതൃത്വം നൽകിയത് - **കെ. കേളപ്പൻ**
- കോഴിക്കോടു നിന്ന് പയ്യന്നൂരിലേക്ക് യാത്രചെയ്ത് ഉപ്പ് സത്യാഗ്രഹത്തിന് നേതൃത്വം നൽകിയത് (1930 ഏപ്രിൽ 13)- **കെ. കേളപ്പൻ**
- **കേരള ഗാന്ധി** എന്നറിയപ്പെടുന്ന വ്യക്തി - **കെ. കേളപ്പൻ**
- 1932-ൽ ഗുരുവായൂർ ക്ഷേത്രത്തിൽ നടത്തിയ നിരാഹാര സത്യാഗ്രഹം ഗാന്ധിജിയുടെ അഭ്യർത്ഥനപ്രകാരം അവസാനിപ്പിച്ച വ്യക്തി - **കെ. കേളപ്പൻ**
- തവനൂർ റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചത് - **കെ. കേളപ്പൻ**
- N.S.S സ്ഥാപക പ്രസിഡന്റ് - **കെ.കേളപ്പൻ**
- 1940-ൽ വ്യക്തി സത്യാഗ്രഹത്തിന് ഗാന്ധിജി തെരഞ്ഞെടുത്ത ആദ്യ കേരളീയൻ - **കെ. കേളപ്പൻ**
- സ്വാതന്ത്യ ലബ്ധിയുടെ സമയത്ത് കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ പ്രസിഡന്റ് - **കെ. കേളപ്പൻ**
- കെ. കേളപ്പൻ നയിച്ച പ്രക്ഷോഭങ്ങൾ - **അഞ്ചാടിപ്പുറം തളിക്ഷേത്ര സമരം, തിരുവാവായിൽ നിരാഹാര സത്യാഗ്രഹം**
- കെ. കേളപ്പന്റെ ചിത്രം ആലേഖനം ചെയ്യപ്പെട്ട സ്റ്റാമ്പ് പുറത്തിറക്കിയ വർഷം - **1990**

**വി.ടി ഭട്ടതിരിപ്പാട് (1896–1982)**

Career Focus

- കേരള ചരിത്രത്തിലെ അവിസ്മരണീയമായ ഒരേടായ അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന നാടകം രചിച്ചത് വി.ടി. ഭട്ടതിരിപ്പാട് ആണ്. കേരളത്തിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള പരമ്പരാഗത ആചാരങ്ങളുടെ പിടിയിലകപ്പെട്ട ബ്രാഹ്മണ സമുദായത്തിന്റെ അവസ്ഥയ്ക്കുണ്ടായ മാറ്റത്തിന് മഹത്തായ സംഭാവനയാണ് വി.ടി. നൽകിയത്.
- ജനനസ്ഥലം - **മേഴത്തോൾ, പാലക്കാട്**
- ജനിച്ചത് - **1896 മാർച്ച് 26 ന്**
- **അമ്പലങ്ങൾക്ക് തീ കൊളുത്തുക** എന്ന ലഘുലേഖനത്തിന്റെ കർത്താവ് - **വി.ടി ഭട്ടതിരിപ്പാട്**
- **1931** ൽ നടന്ന **യാചനായാത്രയ്ക്ക്** നേതൃത്വം നൽകിയത് - **വി.ടി ഭട്ടതിരിപ്പാട്**
- തൃശൂർ മുതൽ ചന്ദ്രഗിരിപ്പുഴ വരെയായിരുന്നു യാചനായാത്ര
- തൃശ്ശൂരിലെ നമ്പൂതിരി മഠത്തിൽ പഠിച്ചിരുന്ന ദരിദ്ര വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനുള്ള ധനശേഖരണാർത്ഥമാണ് യാചനായാത്ര സംഘടിപ്പിച്ചത്.
- വി.ടി. ഭട്ടതിരിപ്പാടിന്റെ ഏറ്റവും പ്രശസ്തമായ നാടകം '**അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്** 'പുറത്തിറക്കിയ വർഷം - **1929** (ചെറുകുന്നി എന്ന സ്ഥലത്ത്)
- നമ്പൂതിരി സ്ത്രീകളുടെ അവസ്ഥ മെച്ചപ്പെടുത്താൻ വേണ്ടി വി.ടി സ്ഥാപിച്ച സംഘടന - **അന്തർജ്ജന സമാജം**
- ബഹുമത സമൂഹം സ്ഥാപിച്ചത് - **വി.ടി. ഭട്ടതിരിപ്പാട്**
- **യോഗക്ഷേമ സഭ** രൂപം കൊണ്ടത് - **1908 ൽ**
- യോഗക്ഷേമ സഭയുടെ മുഖപത്രം - **മംഗളോദയം**
- യോഗക്ഷേമസഭയുടെ പ്രഥമപ്രസിഡന്റ് - **ദേശമംഗലത്ത് ശങ്കരൻ നമ്പൂതിരിപ്പാട്**
- യോഗക്ഷേമ സഭ പുറത്തിറക്കിയ രണ്ട് മാസികകൾ - **ഉണ്ണി നമ്പൂതിരി മാസിക**, യോഗ ക്ഷേമ മാസിക
- യുവജന സംഘം എന്ന പ്രസ്ഥാനത്തെ നയിച്ചത് - **വി.ടി. ഭട്ടതിരിപ്പാട്**
- **1968** ൽ മിശ്രവിവാഹ പ്രചാരണാർത്ഥം വി.ടി നയിച്ച ജാഥ - **സാമൂഹിക പരിഷ്കരണ ജാഥ**
- കേരളത്തിൽ വിധവാ വിവാഹത്തിന് തുടക്കംകുറിച്ച സാമൂഹിക പരിഷ്കർത്താവായിരുന്നു വി.ടി

**വി.ടി യുടെ പ്രമുഖ കൃതികൾ**

- കണ്ണീരും കിനാവും (ആത്മകഥ, 1970–ൽ പുറത്തിറങ്ങി)
- പൊഴിഞ്ഞ പൂക്കൾ
- രജനിരംഗം
- കർമ്മ വിപാകം (ആത്മകഥാപരമായ കൃതി)
- ദക്ഷിണായനം
- വെടിവെട്ടം
- കരിഞ്ചന്ത
- സത്യമെന്നത് ഇവിടെ മനുഷ്യനാകുന്നു.
- വിശക്കാത്ത ദൈവവും വിശക്കുന്ന മനുഷ്യനും

**സ്വാമി ആനന്ദ തീർത്ഥൻ (1905 – 1985)**

- ജന്മസ്ഥലം – കണ്ണൂർ
- പൂർവ്വകാല നാമം – **ആനന്ദഷേണായി**
- **നന്ദതീർത്ഥൻ** എന്ന പേരു നൽകിയത് – **ശ്രീനാരായണ ഗുരു**
- സബർമതി ആശ്രമത്തിന്റെ മാതൃകയിൽ കൊല്ലത്ത് ശ്രീനാരായണ വിദ്യാലയം സ്ഥാപിച്ചത് – **സ്വാമി ആനന്ദതീർത്ഥൻ**
- മിശ്രവിവാഹങ്ങൾ പ്രോത്സാഹിപ്പിക്കാൻ **ജാതി നശിപ്പിക്കൽ നവയുഗ ധർമ്മം** എന്ന
- മുദ്രാവാക്യത്തിന് രൂപം കൊടുത്തത് – **സ്വാമി ആനന്ദ തീർത്ഥൻ**
- ആനന്ദ തീർത്ഥൻ രൂപീകരിച്ച സംഘടന – **ജാതിനാശിനി സഭ**
- ജാതിനാശിനി സഭ രൂപീകരിച്ച വർഷം – 1933

Career Focus

**അയ്യത്താൻ ഗോപാലൻ (1861–1948)**

- **ജനിച്ചത് – തലശ്ശേരി**
- **ബ്രഹ്മസമാജത്തിന്റ കേരളത്തിലെ പ്രവാചകൻ – അയ്യത്താൻ ഗോപാലൻ**
- ബ്രഹ്മസമാജത്തിന്റെ പവർത്തനം ശക്തിപ്പെടുത്തുന്നതിനായിഅയ്യത്താൻ ഗോപാലൻ രൂപീകരിച്ച സംഘടന – **സുഗുണവർദ്ധിനി**
- അയ്യത്താൻ ഗോപാലന്റെ സാമൂഹികപരിഷ്കരണ പ്രവർത്തനങ്ങളെ മുൻനിർത്തി ബ്രിട്ടീഷ് സർക്കാർ റാവു സാഹേബ് പട്ടം നൽകി അദ്ദേഹത്തെ ആചരിച്ചു.

**സി.വി കുഞ്ഞിരാമൻ (1871–1949)**

- ജന്മസ്ഥലം – **മയ്യനാട്** (കൊല്ലം)
- ചരിത്രകാരനും സാഹിത്യകാരനും സാമൂഹ്യപ്രവർത്തകനുമായി കേരളത്തിന്റെ നവോത്ഥാനത്തിന് തന്റെ അമൂല്യ സംഭാവനകൾ നൽകിയ വ്യക്തി
- 1904 ൽ പരവൂരിൽ സമുദായ പരിഷ്കാര സഭ സംഘടിപ്പിച്ചത് – **സി.വി കുഞ്ഞിരാമൻ**
- 1936 ൽ **മതപരിവർത്തന പ്രക്ഷോഭം** സംഘടിപ്പിച്ചത് – **സി.വി.കുഞ്ഞിരാമൻ**
- താലികെട്ട്, തിരണ്ടുകല്യാണം തുടങ്ങിയ അനാചാരങ്ങൾക്കെതിരെ പോരാട്ടം നടത്തിയ സാമൂഹ്യപരിഷ്കർത്താവാണ് സി.വി. കുഞ്ഞിരാമൻ

| സി.വി കുഞ്ഞിരാമന്റെ പ്രധാന കൃതികൾ |
|---|
| എന്റെ ശ്രീകോവിൽ |
| രാഗപരിണാമം |
| ഇന്ത്യ ചരിത്ര സംഗ്രഹം |
| പഞ്ചവടി |
| കാന്തിമതി |

**കെ.പി. കേശവ മേനോൻ (1886–1978)**

- ജന്മസ്ഥലം – **തരൂർ (പാലക്കാട്)**
- **1923** –ൽ മാതൃഭൂമി പത്രം സ്ഥാപിച്ചത് – **കെ.പി. കേശവമേനോൻ**

- **കേരളത്തിന്റെ വന്ദ്യവയോധികൻ** എന്നറിയപ്പെടുന്ന വ്യക്തി - **കെ.പി കേശവമേനോൻ**
- **പ്രധാന കൃതി - കഴിഞ്ഞകാലം (ആത്മകഥ)**

**വേലുക്കുട്ടി അരയൻ (1894-1969)**

- കവി, സാഹിത്യകാരൻ, സാമൂഹിക പരിഷ്കർത്താവ്, ശാസ്ത്രജ്ഞൻ എന്നീ നിലകളിൽ സംഭാവന നൽകിയ വ്യക്തി - **വേലുകുട്ടി അരയൻ**
- അരയ സമുദായത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിച്ചു
- **വിജ്ഞാനസന്ദായിനി** എന്ന വായനശാല ആരംഭിച്ച വ്യക്തി - **വേലുക്കുട്ടി അരയൻ** (1908)
- **ഫിഷറീസ് കോൺഫറൻസ്** ആദ്യമായി സംഘടിപ്പിച്ചത് - **വേലുക്കുട്ടി അരയൻ (1949)**

**സി. കേശവൻ (1891- 1969)**

- ജന്മസ്ഥലം - മയ്യനാട് (കൊല്ലം)
- തിരുവിതാംകൂറിലെ നിവർത്തന പ്രക്ഷോഭത്തിന്റെ നേതാവ് - **സി. കേശവൻ**
- 1935 മെയ് 11ന് നിവർത്തന പ്രക്ഷോഭത്തിന്റെ ഭാഗമായി സി. കേശവൻ നടത്തിയ പ്രസംഗം അറിയപ്പെടുന്നത് - **കോഴഞ്ചേരി പ്രസംഗം**
- **തിരു-കൊച്ചി**യിലെ രണ്ടാമത്തെ മുഖ്യമന്ത്രി - **സി. കേശവൻ**

Career Focus